കേരള സർക്കാർ

തദ്ദേശ സ്വയംഭരണ വകുപ്പ്-ജീവനക്കാര്യം-മുനിസിപ്പൽ കോമൺ സർവ്വീസിലെ എൽ.ഡി ക്ളർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% മുനിസിപ്പൽ കോമൺസർവ്വീസിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക്,യോഗ്യതയുടേയും സീനിയോറിറ്റിയുടേയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന്-കേരള മുനിസിപ്പൽ കോമൺ സർവ്വീസ് (എം & ആർ ബ്രാഞ്ച്) അപ്പോയ്ൻമെന്റ് റൂൾസ് 2001 ഭേദഗതി -എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(എം.എസ്) നം.68 /2016/തസ്വഭവ. 27/5/2016, തിരുവനന്തപുരം,

പരാമർശം : 1) 03.01.2014 ലെ സ.ഉ(പി) നം.01/2014/ഉ.പ.ഭ.വ.

2) 19.07.2014 ലെ സ.ഉ(പി) നം.21/2014/ഉ.പ.ഭ.വ.

3) 28.05.2015 ലെ സ.ഉ(പി) നം.16/2015/ഉ.പ.ഭ.വ

4) കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിലെ ലാസ്റ്റ്ഗ്രേഡ് ജീവനക്കാരായ ശ്രീ.സുധീന്ദ്ര ബാബു കെ.എസ്, ശ്രീ.രാജേഷ് കുമാർ. ഡി, ശ്രീ. ഹരികുമാർ.ആർ എന്നിവർ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത O.A നം.536/15 മേലുള്ള 20.5.2015 ലെ അന്തിമഉത്തരവ്.

5) കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിലെ ലാസ്റ്റ്ഗ്രേഡ് ജീവനക്കാരായ ശ്രീ.സുധീന്ദ്ര ബാബു കെ.എസ്, ശ്രീ.രാജേഷ് കുമാർ. ഡി, ശ്രീ. ഹരികുമാർ.ആർ എന്നിവർ സമർപ്പിച്ച 08.06.2015 ലെ അപേക്ഷ.

6) നഗരകാര്യ ഡയറക്ടറുടെ 25.07.2015 ലെ ജി2-14943/15 നം.കത്ത്.

## ഉത്തരവ്

കേരള സർക്കാരിന്റെ വിവിധ വകുപ്പുകളിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് ബാധകമായിട്ടുള്ള പരാമർശ സർക്കാർ ഉത്തരവുകളുടെ ആനുകൂല്യം മുനിസിപ്പൽ കോമൺ സർവ്വീസിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്കും ലഭ്യമാക്കണം എന്നപേക്ഷിച്ചു കൊണ്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ കൊല്ലം മുനിസിപ്പൽ കോർപ്പറേഷനിലെ ലാസ്റ്റ്ഗ്രേഡ് ജീവനക്കാരായ ശ്രീ.സുധീന്ദ്ര ബാബു കെ.എസ്, ശ്രീ.രാജേഷ് കുമാർ. ഡി, ശ്രീ. ഹരികുമാർ.ആർ എന്നിവർ ഫയൽ ചെയ്ത O.A നം.536/15 മേൽ ട്രൈബ്യൂണലിന്റെ പരാമർശം(4) പ്രകാരമുള്ള അന്തിമഉത്തരവിൽ ടി ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം പരാതിക്കാർ ഒന്നാം എതിർകക്ഷിയായ സർക്കാരിൽ അപേക്ഷ സമർപ്പിക്കുന്നപക്ഷം, ടി അപേക്ഷയിന്മേൽ സർക്കാർ പരാതിക്കാരെ നേരിൽ കേട്ട്, മൂന്ന് മാസത്തിനകം നിയമാനുസൃതമായ നടപടി സ്വീകരിക്കുവാനും ഉത്തരവായിരുന്നു.

2. കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ ലാസ്റ്റ്ഗ്രേഡ് ജീവനക്കാരുടെ സംസ്ഥാനതലസീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് വകുപ്പിലുണ്ടാകുന്ന ആകെ എൽഡിസി/ബിസി ഒഴിവിന്റെ 10% ഗ്രേഡേഷൻ പ്രമോഷൻ വഴിയും, തസ്തികമാറ്റം പരീക്ഷ വഴിയുള്ള എൽഡിസി/ബിസി പ്രമോഷൻ റേഷ്യോ 10 ശതമാനമായും നിജപ്പെടുത്തി പ്രമോഷൻ നടത്തുന്നതിനും ആയതിന് 3-1-2014 മുതലുള്ള മുൻകാലപ്രാബല്യം നൽകി

നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് പരാമർശം (4) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അപേക്ഷകർ പരാമർശം(5) പ്രകാരം സർക്കാരിന് അപേക്ഷ സമർപ്പിച്ചു. അപേക്ഷകരെ 16.07.2015 ൽ സർക്കാർ നേരിൽ കേട്ടപ്പോൾ അപേക്ഷയിലെ ആവശ്യത്തിന്മേൽ അപേക്ഷകർ ഉറച്ചു നിന്നു. കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാർ സർക്കാർ സർവ്വീസിന്റെ ഭാഗമല്ലാത്തതിനാൽ പരാമർശം ഒന്നുമുതൽ മൂന്നുവരെയുള്ള ഉത്തരവ് കേരള മുനിസിപ്പൽ കോമൺ സർവ്വീസിന് ബാധകമല്ല, ആയതിനാൽ അപേക്ഷകരുടെ അപേക്ഷയിന്മേൽ സർക്കാർതലത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളാമെന്നുംനഗരകാര്യ ഡയറക്ടർ പരാമർശം 6-ലെ കത്തു പ്രകാരം അറിയിച്ചു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ലോവർ ഡിവിഷൻ ക്ളർക്ക്/ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% അതാത് വകുപ്പുകളിലെ ലാസ്റ്റ്ഗ്രേഡ് ജീവനക്കാർ ,സബോർഡിനേറ്റ് സർവ്വീസിലെ മറ്റ് താഴ്ന്ന വിഭാഗം ജീവനക്കാർ എന്നിവർക്ക് തസ്തികമാറ്റം വഴി നൽകുന്നതിനായി നീക്കി വയ്ക്കുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള പരാമർശത്തിലെ ഉത്തരവുകളും, ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് തുടർന്ന് പുറപ്പെടുവിച്ചേക്കാവുന്ന ഉത്തരവുകളും, മുനിസിപ്പൽ കോമൺ സർവ്വീസിനും ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. ഇത് സംബന്ധിച്ച് കേരള മുനിസിപ്പൽ കോമൺ സർവ്വീസ്(മിനിസ്റ്റീരിയൽ & റവന്യൂ ബ്രാഞ്ച്) അപ്പോയ്മെന്റ് റൂൾസ് 2001-ൽ ആവശ്യമായ ഭേദഗതി പിന്നീട് വരുത്തുന്നതാണ്.

പരാമർശത്തിലെ കോടതി ഉത്തരവ് ഇപ്രകാരം നടപ്പിലാക്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എ.പി.എം മുഹമ്മദ് ഹനീഷ് ഐ.എ.എസ്,

സെക്രട്ടറി.

നഗര കാര്യ ഡയറക്ടർ ,തിരുവനന്തപുരം .

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

റീജിയണൽ ജോയിന്റ് ഡയറക്ടർ,നഗരകാര്യ വകുപ്പ്,കൊല്ലം/കൊച്ചി/കോഴിക്കോട്.

ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.